DECEMBER 2022 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. നീ വാഴാറുള്ളരമനതേടി വാടീ ഞങ്ങൾ - തേടിയ തെവിടെ?

2. ക്ഷോണീശിതാവെ നമിപ്പതുപോലെ, താൻ

   വാണമഞ്ചത്തിൽക്കമിഴ്ന്നു വീണാൾ - എപ്പോൾ? എന്തുകൊണ്ട്?

3. വാശിയാലടിയെനിക്കേറ്റതു പോലെ തോന്നി - ആർക്ക്? സന്ദർഭമേത്?

4. വേദനാപൂർണ്ണമാണിക്കഥ എന്ന് കവിയെക്കൊണ്ട് പറയിക്കുന്ന സന്ദർഭമേത്?

5. അതിവിചിത്രമീ നൃത്തശിക്ഷാക്രമം - ഇങ്ങനെ തോന്നുന്നതെന്തുകൊണ്ട്?

6. പിന്നെപിന്നെ ചോന്നു കറുക്കുകയായി - എന്താണ് കറുത്തത്? ഉദ്ദേശിക്കുന്നതെന്ത്?

7. അസ്സാദ്ധ്വിതന്നാർത്തനിനാദമെത്തീ - ഏതു സന്ദർഭമാണ് ഇവിടെ കവി ഓർക്കുന്നത്?

8. അമ്മ തൊഴുകൈയോടേവം ചൊല്ലുകയേ ചെയ്തു - എന്താണ് പറഞ്ഞത്?

9. രണ്ടാമൻ തിന്നപ്പെടുന്നു - ആര്?

10. എത്ര ദുർബലനായ വേടൻ - അർത്ഥമാക്കുന്നതെന്ത്?

11. ഏതോ ചിറകു മുളയ്ക്കും - എന്തിന്?

12. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. കാവിലെ പാട്ടിൽ ദാർശനികവിഷയങ്ങൾ ഏറെയുണ്ട്. - വിലയിരുത്തുക.

14. ഗജേന്ദ്രമോക്ഷം എന്ന കവിതയ്ക്ക് ആധാരമായ കഥ ചുരുക്കിയെഴുതുക.

15. നാടകീയമായ അവതരണമാണ് വള്ളത്തോളിന്റെ അവതരണത്തിനുള്ള പ്രത്യേകത - ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധിയെ ആസ്പദമാക്കി വിവരിക്കുക.

16. ഇടപ്പള്ളിയുടെ കവിത കാൽപ്പനികമായ സവിശേഷതകളെ ഉൾക്കൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.

17. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

18. സർവ്വേ ഓഫ് ഇന്ത്യ അവതരിപ്പിക്കുന്ന പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയ്ക്ക് പുതിയ മാനം നൽകുന്നു - വിശദമാക്കുക.

19. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിതയിലൂടെ കവി അവതരിപ്പിക്കാൻ തയ്യാറാകുന്ന യാഥാർത്ഥ്യങ്ങൾ വിലയിരുത്തുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. അച്ഛനും തച്ചനും ഇടയിലുള്ള ആത്മസംഘർഷത്തെ വിലയിരുത്താൻ ജി. ശങ്കരക്കുറുപ്പിന് സാധിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതുക.

21. കവിതയിലെ സൗന്ദര്യാവിഷ്കാരത്തെക്കുറിച്ച് കാവ്യ കലയിൽ അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാ ക്കുക.

22. ഗുരുശാപം മൂലം രംഗത്തുനിന്നും ബഹിഷ്കൃതനായ കളിക്കാരന്റ അഗാധദുഃഖത്തെ ആവിഷ്ക്കരിക്കുന്ന കളിയച്ഛൻ കവിയുടെ മാനസികാവസ്ഥയുടെ പ്രതിഫലനമായിത്തീരുന്നതെങ്ങനെ?

23. മലയാളത്തിലെ പുതിയ കവിതകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ആത്മനിഷ്ഠമായ ധാരാളം കാര്യങ്ങൾ കാണാനാവും - വിലയിരുത്തുക.

24. കവിതകളുടെ സംവേദനക്ഷമതയ്ക്ക് കോട്ടം വന്നിട്ടില്ലെന്നു കാണിക്കുന്നവയാണ് പുതിയ കാലത്തെ കവിതകൾ - ചർച്ച ചെയ്യുക.

———————